©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 മാർച്ച് 31<br>31st March 2018<br>1193 മീനം 17<br>17th Meenam 1193<br>1940 ചൈത്രം 10<br>10th Chaithra 1940 | നമ്പർ<br>No. | 840 |

## കേരള സർക്കാർ

### നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 5904/ലെഗ്.എ1/2018/നിയമം. *തിരുവനന്തപുരം, 2018 മാർച്ച് 31 / 1193 മീനം 17 / 1940 ചൈത്രം 10.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2018 മാർച്ച് 31-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.
33/1221/2018/S-11.

2018-ലെ 7-ാം ആക്റ്റ്

# 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ്

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാർ റവന്യൂ കമ്മി 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കേണ്ടതും,—

(എ) റവന്യൂ മിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളേക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും;

(ബി) 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തുകയും;

കുറിപ്പ്:—(i) ഏതൊരു വർഷത്തേക്കാണോ കടമെടുപ്പ് പരിധി നിജപ്പെടുത്തേണ്ടത്, അതിനുമുൻപുള്ള വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം-കടം എന്നിവ തമ്മിലുള്ള അനുപാതം 25 ശതമാനമോ അതിൽ കുറവോ ആണെങ്കിൽ ഇതിനുപുറമേ 0.25 ശതമാനം അധിക ഇളവിന് സംസ്ഥാനം അർഹമാകുന്നതാണ്;

(ii) ഏതൊരു വർഷത്തേക്കാണോ കടമെടുപ്പ് പരിധി നിജപ്പെടുത്തേണ്ടത്, അതിനുമുൻപുള്ള വർഷത്തിൽ പലിശയടവ് റവന്യൂ വരുമാനത്തിന്റെ 10 ശതമാനമോ അതിൽ കുറവോ ആണെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.25 ശതമാനം അധിക വായ്പാ പരിധിക്ക് സംസ്ഥാനം വീണ്ടും അർഹമാകുന്നതാണ്;

(iii) മേൽ പ്രസ്താവിച്ച മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് നിറവേറ്റപ്പെടുകയാണെങ്കിൽ പ്രസ്തുത ഇളവുകളിൽ ഏതെങ്കിലും പ്രത്യേക മായോ, അല്ലെങ്കിൽ രണ്ടും നിറവേറ്റപ്പെടുകയാണെങ്കിൽ പ്രസ്തുത ഇളവുകൾ രണ്ടും ഒരുമിച്ചോ, സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം സംസ്ഥാനത്തിന് ഒരു നിർദ്ദിഷ്ട വർഷത്തിൽ പരമാവധി ധനക്കമ്മി—മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം എന്നിവ തമ്മിലുള്ള അനുപാതം 3.5 ശതമാനം വരെ ആകാവുന്നതാണ്;

(iv) വായ്പാപരിധി നിജപ്പെടുത്തേണ്ട വർഷത്തിലും തൊട്ടുമുൻപുള്ള വർഷത്തിലും റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിൽ മാത്രമേ അധികപരിധിക്ക് പ്രസ്തുത ഇളവുകളിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ രണ്ടും ഒരുമിച്ചോ സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ.

ഇപ്രകാരം ലഭിക്കുന്ന അധിക 'ഫിസ്കൽ സ്പേസ്' കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിനായി വിനിയോഗിക്കേണ്ടതാണ്.

(സി) 2017-2018, 2018-2019, 2019-2020 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം 30.40 ശതമാനം, 30.01 ശതമാനം, 29.67 ശതമാനം എന്നീ നിലയിലേക്ക് കുറയ്ക്കുകയും;

ചെയ്യേണ്ടതുമാണ്.".

GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 5904/Leg.A1/2018/Law.

*Dated, Thiruvananthapuram, 31st March, 2018*
*17th Meenam, 1193*
*10th Chaithra, 1940.*

In pursuance of clause (3) of article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Fiscal Responsibility (Amendment) Act, 2018 (7 of 2018).

By order of the Governor,

B. G. Harindranath,
*Law Secretary.*

[Translation in English of the "2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

**ACT 7 OF 2018**

THE KERALA FISCAL RESPONSIBILITY (AMENDMENT) ACT, 2018

*An Act further to amend the Kerala Fiscal Responsibility Act, 2003.*

*Preamble.*—WHEREAS, it is expedient further to amend the Kerala Fiscal Responsibility Act, 2003 for the purposes hereinafter appearing;

BE, it enacted in the Sixty-ninth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Fiscal Responsibility (Amendment) Act, 2018.

(2) It shall be deemed to have come into force on the 1st day of April, 2017.

2. *Amendment of Section 4.*—In section 4 of the Kerala Fiscal Responsibility Act, 2003 (29 of 2003) (hereinafter referred to as the principal Act), for sub-section (2), the following sub-section shall be substituted, namely:—

"(2) In particular and without prejudice to the generality of the foregoing provision, the Government shall eliminate the revenue deficit completely during the period from 2017-2018 to 2019-2020 and shall,—

(a) build up surplus amount of revenue and utilise such amount for discharging liabilities in excess of assets;

(b) maintain the fiscal deficit to 3 per cent of the Gross State Domestic Product during the period from 2017-2018 to 2019-2020;

*Note:*—(i) State shall be eligible for additional reduction of 0.25 per cent over and above this, for any given year for which the borrowing limits are to be fixed if the ratio between the Gross State Domestic Product and debt is less than or equal to 25 per cent in the preceding year;

(ii) State may further be eligible for additional borrowing limit of 0.25 per cent of Gross State Domestic Product in a given year for which the borrowing limits are to be fixed if the interest payments are less than or equal to 10 per cent of the revenue receipts in the preceding year;

(iii) If anyone of the above said criteria is fulfilled, the State may utilise the said concessions either separately or if both are fulfilled the said concessions together may be utilized by the State. The maximum ratio between the fiscal deficit and Gross State Domestic Product in a prescribed year may be up to 3.5 per cent to the State accordingly;

(iv) The reductions in availing the additional limit under either of the two options or both will be available to the State only if there is no revenue deficit in the year in which borrowing limits are to be fixed and in the immediately preceding year.

The 'additional fiscal space' availing in such manner shall be utilised for the State share of the Centrally Sponsored Schemes.

(c) reduce the total debt liabilities of the State in the years of 2017-2018, 2018-2019 and 2019-2020 in the order of 30.40 per cent, 30.01 per cent and 29.67 per cent respectively of the Gross State Domestic Product.".